ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

NATIONAL BULLETIN

DATE: 12.06.2025 TIME : 07.25 PM

# പ്രധാന വാർത്തകൾ

1. അഹമ്മദാബാദ് വിമാനത്താവളത്തിന് സമീപം എയർ ഇന്ത്യാ യാത്രാവിമാനം തകർന്നുവീണ് വൻദുരന്തം. വിമാനത്തിലുണ്ടായിരുന്നത് 242 പേർ. ദുരന്തത്തിനിരയായവരിൽ പത്തനംതിട്ട സ്വദേശിനിയും

   **A major tragedy as an Air India passenger plane crashed near Ahmedabad airport. There were 242 people on board. A Pathanamthitta native lady was among the victims.**

2. രാജ്യം ദുരന്തബാധിതർക്കൊപ്പമെന്ന് രാഷ്ട്രപതി ദ്രൗപതി മുർമു , വാക്കുകൾക്കതീതമായ ദുരന്തമെന്ന് പ്രധാനമന്ത്രി, ദുരന്ത സാഹചര്യം വിലയിരുത്തുന്നതിനായി ആഭ്യന്തര, വ്യോമയാന മന്ത്രിമാർ അഹമ്മദാബാദിൽ.

   **President Droupadi Murmu said the country is with the victims of the disaster, Prime Minister Narendra Modi said it was a tragedy beyond words, and the Home and Civil Aviation Ministers are in Ahmedabad to assess the disaster situation.**

3. ദേശീയ ദുരന്ത നിവാരണ നിയമത്തിൽ നിന്നും 13-ാം വകുപ്പ് ഒഴിവാക്കിയതിനെതിരെ പ്രധാനമന്ത്രിക്ക് കത്തയച്ച് മുഖ്യമന്ത്രി പിണറായി വിജയൻ

   **Chief Minister Pinarayi Vijayan wrote a letter to the Prime Minister against the exclusion of Section 13 from the National Disaster Management Act.**

4. സംസ്ഥാനത്ത് മഴ കനക്കും. കേരള-കർണാടക-ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് വിലക്ക്.

   **Heavy rains will occur in the state. Fishing banned on the coasts of Kerala-Karnataka-Lakshadweep.**

5. ഐസിസി ക്രിക്കറ്റ് ലോക ടെസ്റ്റ് ചാമ്പ്യൻഷിപ്പ് ഫൈനലിൽ ഓസ്ട്രേലിയയ്ക്ക് 74 റൺസിൻറെ ഒന്നാം ഇന്നിംഗ്സ് ലീഡ്.

   **Australia take a 74-run first innings lead in the ICC Cricket World Test Championship final.**

&&&&&&&&&&&&&&&&&&

**REV. EVE. GUJARAT Plane Crash**

ഗുജറാത്തിലെ അഹമ്മദാബാദിൽ എയർ ഇന്ത്യയുടെ യാത്രാവിമാനം തകർന്നു വീണ് വൻ ദുരന്തം. അപകടത്തിൽ നിരവധി പേർ മരിച്ചു. 12 ജീവനക്കാരടക്കം 242 യാത്രക്കാരാണ് വിമാനത്തിൽ ഉണ്ടായിരുന്നത്. യാത്രക്കാരിൽ 169 ഇന്ത്യക്കാരും 53 ബ്രിട്ടീഷ് പൗരന്മാരും 7 പോർച്ചുഗീസ് പൗരന്മാരും ഒരു കനേഡിയൻ പൗരനും ഉൾപ്പെടുന്നു. അപകടത്തിൽ മരിച്ചതിൽ പത്തനംതിട്ട സ്വദേശിനി രഞ്ജിത ഗോപകുമാരൻ നായരും

ഉൾപ്പെടുന്നു. ലണ്ടനിൽ നേഴ്സായി ജോലി ചെയ്തിരുന്ന രഞ്ജിത നാട്ടിൽ വന്നതിന് ശേഷം മടങ്ങവേയായിരുന്നു അപകടം. അഹമ്മദാബാദ് സർദാർ വല്ലഭായ് പട്ടേൽ രാജ്യാന്തര വിമാനത്താവളത്തിൽ നിന്ന് ലണ്ടനിലേക്കു പോകുകയായിരുന്ന എ ഐ171 ബോയിങ് 787- 8 ഡ്രീംലൈനർ വിമാനമാണ് ഇന്ന് ഉച്ചക്ക് ടേക്ക് ഓഫിനു തൊട്ടു പിന്നാലെ വിമാനത്താവളത്തിനു സമീപത്തെ ജനവാസ മേഖലയിൽ തകർന്നുവീണത്. പരിക്കേറ്റവരെ ആശുപത്രിയിലേക്ക് മാറ്റി. എൻഡിആർഎഫ്, ഫയർഫോഴ്സ്, പൊലീസ് സേനകളുടെ നേതൃത്വത്തിൽ രക്ഷാപ്രവർത്തനം നടത്തി. കരസേനാംഗങ്ങളേയും ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി വിന്യസിച്ചിട്ടുണ്ട്. വിമാനപകടവുമായി ബന്ധപ്പെട്ട് സിവിൽ ഏവിയേഷൻ മന്ത്രാലയം കൺട്രോൾ റൂം സജീവമാക്കി. സഹായത്തിന് 011-24610843, 9650391859 എന്ന നമ്പരിൽ ബന്ധപ്പെടാവുന്നതാണ്. അഹമ്മദാബാദ് വിമാനത്താവളത്തിൽ 99741 11327 എന്ന പ്രത്യേക ഹെൽപ്പ്ലൈൻ നമ്പറും സജ്ജമാക്കിയിട്ടുണ്ട്.

&&&&&&&&&&&&&&&&&&

## AIR CRASH Condolences

അഹമ്മദാബാദിലെ എയർ ഇന്ത്യ വിമാന അപകടത്തിൽ രാഷ്ട്രപതിയും, ഉപരാഷ്ട്രപതിയും, പ്രധാനമന്ത്രിയുമടക്കമുള്ള പ്രമുഖർ അനുശോചനം രേഖപ്പെടുത്തി. രാജ്യം ദുരന്തബാധിതർക്കൊപ്പമെന്ന് രാഷ്ട്രപതി ദ്രൗപതി മുർമുവും

ഉപരാഷ്ട്രപതി ജഗ്ദീപ് ധൻകറും അനുശോചന സന്ദേശത്തിൽ പറഞ്ഞു. ഞെട്ടിപ്പിക്കുന്ന അപകടം വാക്കുകൾക്ക് അതീതവും ഹൃദയഭേദകവുമാണെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി അനുശോചിച്ചു. മന്ത്രിമാരുമായി ചർച്ച ചെയ്ത് ദുരന്ത സാഹചര്യം വിലയിരുത്തിയ പ്രധാനമന്ത്രി അടിയന്തിര നടപടികൾക്ക് നിർദ്ദേശം നൽകി. ദുരന്ത സാഹചര്യം നേരിട്ട് വിലയിരുത്തുന്നതിനായി സിവിൽ വ്യോമയാന മന്ത്രി റാം മോഹൻ നായിഡു അഹമ്മദാബാദിൽ എത്തി. രാജ്യം ദുരന്തബാധിതർക്കൊപ്പമാണെന്ന് മന്ത്രി മാധ്യമങ്ങളോട് പറഞ്ഞു.

(ഹോൾഡ് വോയിസ്)

കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ അൽപ്പസമയത്തികം അഹമ്മദാബാദിലെത്തും. ധനമന്ത്രി നിർമ്മല സീതാരാമൻ, വിദേശകാര്യമന്ത്രി ജയശങ്കർ, റെയിൽവേ മന്ത്രി അശ്വിനി വൈഷ്ണവ് തുടങ്ങിയ കേന്ദ്രമന്ത്രിമാരും ലോക്സഭാ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധിയും അനുശോചനം രേഖപ്പെടുത്തി.

&&&&&&&&&&&&&&&&&

## AIR INDIA CHAIRMAN

അഹമ്മദാബാദ് വിമാനാപകടത്തിൽ ഔദ്യോഗിക വിശദീകരണവുമായി എയർ ഇന്ത്യ ചെയർമാൻ എൻ ചന്ദ്രശേഖരൻ. വിമാനം അപകടത്തിൽപ്പെട്ടെന്ന്

അഗാധമായ ദുഖത്തോടെ സ്ഥിരീകരിക്കുകയാണെന്നും ദുരന്തത്തിനിരയായവർക്ക് അനുശോചനം രേഖപ്പെടുത്തുകയാണെന്നും അദ്ദേഹം വാർത്താക്കുറിപ്പിലൂടെ വ്യക്തമാക്കി. അപകടത്തിൽപ്പെട്ട യാത്രക്കാർക്കും അവരുടെ കുടുംബങ്ങൾക്കും വേണ്ട പിന്തുണ നൽകുന്നതിലാണ് ഇപ്പോൾ തങ്ങളുടെ ശ്രദ്ധയെന്നും എയർ ഇന്ത്യ ചെയർമാൻ അറിയിച്ചു.

&&&&&&&&&&&&&&&&&

## CIVIL AVIATION MINISTER

വിമാനാപകടത്തിൻറെ പശ്ചാത്തലത്തിൽ, വ്യോമയാന സഹമന്ത്രി മുരളീധർ മോഹോളിന്റെ നേതൃത്വത്തിൽ ന്യൂഡൽഹിയിൽ ഉദ്യോഗസ്ഥതല യോഗം ചേർന്നു. അപകട സാഹചര്യവും, രക്ഷാ ദുരിതാശ്വാസ പ്രവർത്തനങ്ങളും യോഗം വിലയിരുത്തി. അന്വേഷണം പുരോഗമിക്കുന്നതായും കേന്ദ്രമന്ത്രി മാധ്യമങ്ങളോട് പറഞ്ഞു. വിമാനാപകടത്തിൽ ഇരയായവരുടെ തിരിച്ചറിയലിനായി അഹമ്മദാബാദിലെ ബി.ജെ. മെഡിക്കൽ കോളേജിൽ ബന്ധുക്കളുടെ ഡിഎൻഎ പരിശോധനയ്ക്കുള്ള ക്രമീകരണങ്ങൾ ഏർപ്പെടുത്തിയതായി ഗുജറാത്ത് സർക്കാർ അറിയിച്ചു.

&&&&&&&&&&&&&&&&&

## PLANE CRASH– SPECIAL TRAIN

അഹമ്മദാബാദ് വിമാന ദുരന്തത്തെ തുടർന്ന് നിർത്തിവച്ചിരുന്ന സർദാർ വല്ലഭായ് പട്ടേൽ അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ പ്രവർത്തനം നിയന്ത്രണങ്ങളോടെ പുനഃരാരംഭിച്ചതായി കേന്ദ്ര വ്യോമയാന മന്ത്രാലയം. വിമാന സർവീസുകൾ സംബന്ധിച്ച വിവരങ്ങൾക്ക് യാത്രക്കാർക്ക് അതത് വിമാനക്കമ്പനികളുമായി ബന്ധപ്പെടാവുന്നതാണ്. അതേസമയം, വിമാനാപകടത്തിന്റെ പശ്ചാത്തലത്തിൽ, അഹമ്മദാബാദിൽ നിന്നുള്ള യാത്രക്കാരുടെ സൗകര്യാർത്ഥം ഇന്ത്യൻ റെയിൽവേ രണ്ട് പ്രത്യേക ട്രെയിൻ സർവീസുകൾ ഏർപ്പെടുത്തിയിട്ടുണ്ട്. അഹമ്മദാബാദിൽ നിന്ന് മുംബൈയിലേക്കും ന്യൂഡൽഹിയിലേക്കും ട്രെയിനുകൾ സർവീസ് നടത്തും.

&&&&&&&&&&&&&&&&&

## NEW US TENSION WITH IRAN

ഇറാനുമായുള്ള വർദ്ധിച്ചുവരുന്ന സംഘർഷങ്ങളുടെ പശ്ചാത്തലത്തിൽ, പശ്ചിമേഷ്യയിലെ നയതന്ത്ര ദൗത്യങ്ങളിൽ നിന്നും സൈനിക താവളങ്ങളിൽ നിന്നും അടിയന്തര സ്വഭാവമില്ലാത്ത ജോലികളിൽ ഏർപ്പെട്ടിരിക്കുന്ന ജീവനക്കാരെ തിരിച്ചുവിളിച്ച് യു എസ്. ഇറാനുമായുള്ള ആണവ ചർച്ചകളിൽ സ്തംഭനാവസ്ഥ നിലനിൽക്കുന്നതിനെ തുടർന്നാണ് യുഎസ് നീക്കം. ആണവ ചർച്ചകൾ പരാജയപ്പെടുകയും ഏറ്റുമുട്ടൽ ഉണ്ടാകുകയും ചെയ്താൽ മേഖലയിലെ യുഎസ്

സൈനിക കേന്ദ്രങ്ങൾ ലക്ഷ്യമിടുമെന്ന് ഇറാൻ മുന്നറിയിപ്പ് നൽകിയിരുന്നു.

&&&&&&&&&&&&&&&&&&

## JAISHANKAR MACRON

വിദേശകാര്യ മന്ത്രി ഡോ. എസ്. ജയ്ശങ്കർ ഇന്ന് ഫ്രഞ്ച് പ്രസിഡന്റ് ഇമ്മാനുവൽ മക്രോയുമായി കൂടിക്കാഴ്ച നടത്തി. ഭീകരതയ്ക്കെതിരായ പോരാട്ടത്തിൽ ഫ്രാൻസിന്റെ ശക്തമായ പിന്തുണയ്ക്ക് ശ്രീ ജയ്ശങ്കർ നന്ദി പറഞ്ഞു. ഇന്ത്യ-ഫ്രാൻസ് തന്ത്രപരമായ പങ്കാളിത്തത്തിലെ വിശ്വാസ്യതയും അഭിലാഷവും പ്രതിഫലിപ്പിക്കുന്നതായിരുന്നു ചർച്ചകളെന്ന് വിദേശകാര്യ മന്ത്രി സമൂഹമാധ്യമത്തിൽ കുറിച്ചു.

&&&&&&&&&&&&&&&&&&

## CM -KERALA

2005 ലെ ദേശീയ ദുരന്ത നിവാരണ നിയമത്തിൽ നിന്നും 13-ാം വകുപ്പ് ഒഴിവാക്കി നിയമം ഭേദഗതി ചെയ്തതിനെതിരെ മുഖ്യമന്ത്രി പിണറായി വിജയൻ പ്രധാനമന്ത്രിക്ക് കത്തയച്ചു. വിഷയത്തിൽ പ്രധാനമന്ത്രി അടിയന്തരമായി ഇടപെടണമെന്നും, 13-ാം വകുപ്പ് പുനഃസ്ഥാപിക്കാൻ ആവശ്യമായ നിർദ്ദേശങ്ങൾ നൽകണമെന്നും മുഖ്യമന്ത്രി കത്തിൽ അഭ്യർത്ഥിച്ചു.

&&&&&&&&&&&&&&&&&&

## WEATHER

കേരളത്തിൽ മഴ കനക്കുമെന്ന് കേന്ദ്രകാലാവസ്ഥാ വകുപ്പ്. കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രതയും കോട്ടയം മുതൽ വയനാട് വരെയുള്ള ജില്ലകളിൽ മഞ്ഞ ജാഗ്രതയും നൽകിയിട്ടുണ്ട്. നാളെ കണ്ണൂർ, കാസർഗോഡ്, വയനാട്, കോഴിക്കോട് ജില്ലകളിൽ ഓറഞ്ച് ജാഗ്രതയും മറ്റെല്ലാ ജില്ലകളിലും മഞ്ഞ ജാഗ്രതയും പ്രഖ്യാപിച്ചു. കേരള-കർണാടക-ലക്ഷദ്വീപ് തീരങ്ങളിൽ ഈ മാസം 16 വരെ മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തി.

&&&&&&&&&&&&&&&&&

## CRICKET

ലണ്ടനിലെ ലോർഡ്സിൽ പുരോഗമിക്കുന്ന ഐസിസി ക്രിക്കറ്റ് ലോക ടെസ്റ്റ് ചാമ്പ്യൻഷിപ്പ് ഫൈനലിൽ ഓസ്ട്രേലിയയ്ക്ക് 74 റൺസിൻറെ ഒന്നാം ഇന്നിംഗ്സ് ലീഡ്. ഫൈനലിന്റെ രണ്ടാം ദിനമായ ഇന്ന് ആദ്യ ഇന്നിംഗ്സിൽ ഓസ്ട്രേലിയ , ദക്ഷിണാഫ്രിക്കയെ 138 റൺസിന് പുറത്താക്കി.

&&&&&&&&&&&&&&&&&

## RIJIJU SAMVARDHAN PARV–INTRO

കേന്ദ്ര ന്യൂനപക്ഷകാര്യ മന്ത്രി കിരൺ റിജിജു ഇന്ന് ന്യൂഡൽഹിയിലെ രാജ്ഘട്ടിൽ ലോക് സംവർദ്ധൻ പർവ് ഉദ്ഘാടനം ചെയ്യു. സർക്കാരിന്റെ പ്രധാന പദ്ധതികൾ, പരിപാടികൾ, നേട്ടങ്ങൾ എന്നിവ പ്രദർശിപ്പിക്കുന്ന പരിപാടിയാണിത്. ഗ്രാമീണ തൊഴിലാളികൾക്ക് ധാരാളം

കഴിവുകളുണ്ടെന്നും അവരുടെ കരകൗശലവൈദഗ്ധ്യത്തെ വിപണിയിലെത്തിക്കുന്നതിനാണ് ഈ വേദി സൃഷ്ടിച്ചിരിക്കുന്നതെന്നും ശ്രീ റിജിജു മാധ്യമങ്ങളോട് പറഞ്ഞു. സംസ്ഥാനങ്ങൾക്കിടയിൽ ഉൽപ്പന്നങ്ങളുടെ വിപണി മെച്ചപ്പെടുത്താൻ ഈ പരിപാടി സഹായകമാകുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

(വോയ്സ്)

&&&&&&&&&&&&&&&&&&

## SHIP ACCIDENT

കോഴിക്കോട് തീരത്തിന് സമീപം അപകടത്തിൽപ്പെട്ട സിംഗപ്പൂർ കപ്പലിലെ തീ പൂർണമായും കെടുത്തുന്നതിനുള്ള തുടരുന്നു. തീ ഇന്നലെ തന്നെ ഭാഗികമായി നിയന്ത്രണവിധേയമാക്കിയിരുന്നു. ഡ്രൈ കെമിക്കൽ എക്സ്റ്റിംഗുഷറുകൾ വിതറി തീ കെടുത്താനുള്ള ശ്രമം തുടരുകയാണ്. തീര രക്ഷാസേനയുടെ കപ്പലുകളും, ഹെലികോപ്റ്ററുകളും രക്ഷാദൗത്യത്തിൽ പങ്കെടുക്കുന്നു.

&&&&&&&&&&&&&&&&&&

## MEA-BRIEFING

ജി7 ഉച്ചകോടിക്കിടെ പ്രധാനമന്ത്രി നരേന്ദ്ര മോദിയും കനേഡിയൻ പ്രധാനമന്ത്രി മാർക്ക് കാർണിയും കൂടിക്കാഴ്ച

നടത്തുമെന്ന് വിദേശകാര്യ മന്ത്രാലയം. ഉഭയകക്ഷി, ആഗോള വിഷയങ്ങൾ കൂടിക്കാഴ്ചയിൽ ചർച്ചയാകുമെന്ന് വിദേശകാര്യ വക്താവ് രൺധീർ ജയ്സ്വാൾ പറഞ്ഞു. ജനാധിപത്യ മൂല്യങ്ങൾക്ക് വലിയ പ്രധാന്യം നൽകുന്ന രാജ്യങ്ങളാണ് ഇന്ത്യയും കാനഡയുമെന്ന് അദ്ദേഹം വ്യക്തമാക്കി.

&&&&&&&&&&&&&&&&&

## CPI-MAY

രാജ്യത്തെ ചില്ലറ വിൽപ്പന പണപ്പെരുപ്പം മെയ് മാസത്തിൽ 2.82 ശതമാനമായി കുറഞ്ഞതായി കേന്ദ്രസർക്കാർ. ഭക്ഷ്യവസ്തുക്കളുടെ വിലയിൽ ഗണ്യമായ കുറവുണ്ടായതിനെ തുടർന്നാണിത്. 2019 ഫെബ്രുവരിക്ക് ശേഷമുള്ള ഏറ്റവും കുറഞ്ഞ വാർഷിക പണപ്പെരുപ്പമാണിത് എന്ന് കേന്ദ്ര സ്ഥിതിവിവരക്കണക്ക്, പദ്ധതി നിർവ്വഹണ മന്ത്രാലയം അറിയിച്ചു.

&&&&&&&&&&&&&&&&&

## FM-DBT & TRANSACTIONS

നേരിട്ടുള്ള ആനുകൂല്യ വിതരണത്തിൽ രാജ്യത്ത് കഴിഞ്ഞ പത്ത് വർഷങ്ങളിൽ 90 ഇരട്ടി വർധനയുണ്ടായതായി കേന്ദ്ര ധനമന്ത്രി നിർമല സീതാരാമൻ. കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ ഡിബിടി 6.83 ലക്ഷം കോടിയായി ഉയർന്നു. 2014 ൽ ഇത് 7,000 കോടിയായിരുന്നുവെന്നും ധനമന്ത്രി

സമൂഹമാധ്യമത്തിലൂടെ അറിയിച്ചു. നേരിട്ടുള്ള ആനുകൂല്യ വിതരണത്തിൽ ഏകദേശം 18,600 കോടി രൂപയുടെ ഇടപാടാണ് പ്രതിവർഷം നടക്കുന്നതെന്നും ശ്രീമതി സീതാരാമൻ വ്യക്തമാക്കി.

&&&&&&&&&&&&&&&&&

**SENSEX + GOLD**

രാജ്യത്തെ ഓഹരി വിപണികളിൽ നഷ്ടം. ബോംബെ ഓഹരി സൂചിക സെൻസെക്സ് 823 പോയിന്റ് നഷ്ടത്തിൽ 81,691 ലും, ദേശീയ ഓഹരി സൂചിക നിഫ്റ്റി 253 പോയിന്റ് കുറഞ്ഞ് 24,888 ലും വ്യാപാരം അവസാനിപ്പിച്ചു. സ്വർണവിലയിൽ വർധന. ഗ്രാമിന് 80 രൂപ കൂടി 9,100 രൂപയും, പവന് 640 രൂപ വർധിച്ച് 72,800 രൂപയുമാണ് ഇന്നത്തെ വില.

&&&&&&&&&&&&&&&&&

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&

&&&&&&&&&&&&

&&&&&&&&

&&&&&&&

&&&&&&

&&&&

&&&

&&

&